# കേരള സർവകലാശാല

നം.പി.ആർ.04/2020 ഫോൺ: 2305738

## പത്രക്കുറിപ്പ്

### പരീക്ഷാകേന്ദ്രം

ജനുവരി 13 ന് ആരംഭിക്കുന്ന ബി.കോം എസ്.ഡി.ഇ നാലാം സെമസ്റ്റർ പരീക്ഷയ്ക്ക് ഗവൺമെന്റ് സംസ്കൃത കോളേജ്, തിരുവനന്തപുരം അപേക്ഷിച്ച എല്ലാ വിദ്യാർത്ഥികളും വി.ടി.എം. എൻ.എസ്.എസ് കോളേജ്, ധനുവച്ചപുരത്തും ഗവൺമെന്റ് കോളേജ് ഫോർ വിമൻ, വഴുതയ്ക്കാട് അപേക്ഷിച്ച എല്ലാ വിദ്യാർത്ഥികളും എൻ.എസ്.എസ് കോളേജ്, നീറമൺകരയിലും ഗവൺമെന്റ് കോളേജ്, നെടുമങ്ങാട് അപേക്ഷിച്ച എല്ലാ വിദ്യാർത്ഥികളും എം.ജി കോളേജ്, തിരുവനന്തപുരത്തും, എസ്.എൻ കോളേജ്, ചെമ്പഴന്തി അപേക്ഷിച്ച എല്ലാ വിദ്യാർത്ഥികളും ക്രിസ്ത്യൻ കോളേജ്, കാട്ടാക്കടയിലും എസ്.എൻ കോളേജ്, വർക്കല അപേക്ഷിച്ച എല്ലാ വിദ്യാർത്ഥികളും കെ.യു.സി.ടി.ഇ കാര്യവട്ടത്തും എസ്.എൻ കോളേജ്, ചാത്തന്നൂർ അപേക്ഷിച്ച എല്ലാ വിദ്യാർത്ഥികളും ഡി.ബി കോളേജ്, ശാസ്താംകോട്ടയിലും എസ്.എൻ കോളേജ് ഫോർ വിമൻ, കൊല്ലം അപേക്ഷിച്ച എല്ലാ വിദ്യാർത്ഥികളും എസ്.എൻ കോളേജ്, കൊല്ലത്തും ടി.കെ.എം ആർട്സ് ആന്റ് സയൻസ് കോളേജ്, കൊല്ലം അപേക്ഷിച്ച രജിസ്റ്റർ നമ്പർ 32852171288 മുതൽ 32852172722 വരെയുള്ള ബി.കോം കോ-ഓപ്പറേഷൻ എടുത്ത 70 വിദ്യാർത്ഥികൾ ശ്രീ.വിദ്യാധിരാജാ കോളേജ് ഓഫ് ആർട്സ് ആന്റ് സയൻസ്, കരുനാഗപ്പള്ളിയിലും എസ്.ഡി കോളേജ്, ആലപ്പുഴ അപേക്ഷിച്ച എല്ലാ വിദ്യാർത്ഥികളും എസ്.എൻ കോളേജ്, ചേർത്തലയിലും സെന്റ്.മൈക്കിൾസ് കോളേജ്, ചേർത്തല അപേക്ഷിച്ചവർ എസ്.എൻ കോളേജ്, ചേർത്തലയിലും പരീക്ഷ എഴുതേണ്ടതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

2020 ജനുവരി 13 ന് ആരംഭിക്കുന്ന നാലാം സെമസ്റ്റർ എസ്.ഡി.ഇ (സി.എസ്.എസ്) പരീക്ഷകൾക്ക് രജിസ്റ്റർ ചെയ്ത വിദ്യാർത്ഥികൾ മൂന്നാം സെമസ്റ്റർ പരീക്ഷ എഴുതിയ കേന്ദ്രങ്ങളിൽതന്നെ പരീക്ഷ എഴുതേണ്ടതാണ്. ജനുവരി 23 ന് ആരംഭിക്കുന്ന രണ്ടാം സെമസ്റ്റർ എസ്.ഡി.ഇ (സി.എസ്.എസ്) പരീക്ഷകൾക്ക് രജിസ്റ്റർ ചെയ്ത വിദ്യാർത്ഥികൾ ഒന്നാം സെമസ്റ്റർ പരീക്ഷ എഴുതിയ കേന്ദ്രങ്ങളിൽ തന്നെ പരീക്ഷ എഴുതേണ്ടതാണ്. നാലും രണ്ടും സെമസ്റ്റർ പരീക്ഷകളുടെ ഹാൾടിക്കറ്റുകൾ ഡൗൺലോഡ് ചെയ്യാവുന്നതാണ്.

### ടൈംടേബിൾ

2020 ജനുവരി 7 ന് ആരംഭിക്കുന്ന അഞ്ചാം സെമസ്റ്റർ, 13 ന് ആരംഭിക്കുന്ന നാലാം സെമസ്റ്റർ, 9 ന് ആരംഭിക്കുന്ന രണ്ടാം സെമസ്റ്റർ എം.സി.എ (2011 സ്കീം) സപ്ലിമെന്ററി പരീക്ഷയുടെ ടൈംടേബിൾ വെബ്സൈറ്റിൽ ലഭ്യമാണ്.

2020 ജനുവരി 8 ന് നടത്താനിരുന്ന പരീക്ഷകളുടെ പുതുക്കിയ തീയതികൾ വെബ്സൈറ്റിൽ ലഭ്യമാണ്.

## പ്രായോഗിക പരീക്ഷ

2019 ഡിസംബറിൽ നടന്ന അഞ്ചാം സെമസ്റ്റർ കരിയർ റിലേറ്റഡ് സി.ബി.സി.എസ്.എസ് ബി.എ സ്.സി ഇലക്ട്രോണിക്സ് കോഴ്സിന്റെ പ്രായോഗിക പരീക്ഷ ജനുവരി 20 മുതൽ 23 വരെ അതാത് കോളേജുകളിൽ നടത്തുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## പുതുക്കിയ പരീക്ഷാതീയതി

2020 ജനുവരി 9 ന് നടത്താൻ നിശ്ചയിച്ചിരുന്ന ഒന്നാം സെമസ്റ്റർ എം.എ/എം.എസ്.സി/എം.കോം (എസ്.ഡി.ഇ) പരീക്ഷകൾ 2020 ജനുവരി 10 ലേക്ക് മാറ്റിയിരിക്കുന്നു. മറ്റു പരീക്ഷകൾക്ക് മാറ്റമില്ല. ഒന്നും രണ്ടും സെമസ്റ്റർ പരീക്ഷകൾക്ക് ഗവൺമെന്റ് സംസ്കൃത കോളേജ്, തിരുവനന്തപുരം പരീ ക്ഷാകേന്ദ്രമായി തെരഞ്ഞെടുത്ത വിദ്യാർത്ഥികൾ കെ.യു.സി.ടി.ഇ കുമാരപുരത്ത് പരീക്ഷ എഴുതേ ണ്ടതാണ്.

## പരീക്ഷാഫലം

2019 നവംബറിൽ നടത്തിയ എംഫിൽ ഫിസിക്സ്, നാനോസയൻസ് ആന്റ് നാനോടെക്നോളജി, എൻവിയോൺമെന്റൽ സയൻസ്, ഫ്യൂച്ചർ സ്റ്റഡീസ്, കമ്പ്യൂട്ടർ സയൻസ് 2018-2019 ബാച്ച് (സി.എ സ്.എസ്) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു.

## അസൈൻമെന്റ് സമർപ്പിക്കാം

അസൈൻമെന്റ്, കേസ് അനാലിസിസ് സമർപ്പിക്കാത്ത 2017-18, 2018-19 യു.ജി/പി.ജി വിദ്യാർത്ഥി കൾക്ക് അവ അതത് കോർഡിനേറ്റർക്ക് ജനുവരി 14ന് കാര്യവട്ടം വിദൂരവിദ്യാഭ്യാസകേന്ദ്രത്തിൽ സമർപ്പിക്കാം. ഇനിയൊരവസരം ഉണ്ടായിരിക്കുന്നതല്ല.

## അപേക്ഷ ക്ഷണിക്കുന്നു

2017 – 2018 & 2018 – 2019 വർഷങ്ങളിൽ പ്രസിദ്ധീകരിച്ചിട്ടുള്ള റിസർച്ച് ജേർണലുകൾക്ക് ഗ്രാന്റ് അനുവദിക്കുന്നതിന് സർവകലാശാല അപേക്ഷ ക്ഷണിക്കുന്നു. അപേക്ഷ സ്വീകരിക്കുന്ന അവ സാന തീയതി 2020 ഫെബ്രുവരി 7. വിശദവിവരങ്ങൾ സർവകലാശാല വെബ്സൈറ്റിൽ ‘ന്യൂസ്’ എന്ന ലിങ്കിൽ ലഭ്യമാണ്.

## പുതുക്കിയ ഇന്റർവ്യൂ തീയതി

2020 ജനുവരി 6 ന് 10 മണി മുതൽ പാളയം സെനറ്റ് ഹൗസ് കാമ്പസിലെ പ്രോ-വൈസ് ചാൻസ ലറുടെ ചേംബറിൽ വെച്ച് നടത്താൻ നിശ്ചയിച്ചിരുന്ന യു.ഐ.ടി റീജിയണൽ സെന്ററുകളിലെ കമ്പ്യൂട്ടർ ലാബ് ഇൻസ്ട്രക്ടർമാരെ തെരഞ്ഞെടുക്കുന്നതിലേക്കുള്ള ഇന്റർവ്യൂ 2020 ജനുവരി 20 ലേക്ക് മാറ്റിയിരിക്കുന്നു. 2020 ജനുവരി 6 നുള്ള ഇന്റർവ്യൂ മെമ്മോ ലഭിച്ചവർ മെമ്മോയും ഒറിജിനൽ സർട്ടിഫിക്കറ്റുകളുമായി 2020 ജനുവരി 20 ന് മെമ്മോയിൽ പറഞ്ഞിരിക്കുന്ന സമയത്ത് ഹാജരാകേ ണ്ടതാണ്.

പബ്ലിക് റിലേഷൻസ് ഓഫീസർ

തിരുവനന്തപുരം.

04.01.2020

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098